**ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ**

**വിവരാവകാശ നിയമപ്രകാരമുള്ള നോഡൽ ഓഫീസറായ**

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ നടപടിക്രമം**

(ഹാജർ: ഫാത്തിമാബീവി.ആർ.എസ്)

വിഷയം : - തൊഴിൽ വകുപ്പിന് കീഴിലുള്ള സബ് ഓഫീസുകളിലെ RTI പോർട്ടൽ ഓർഗനൈസേഷൻ നോഡൽ ഓഫീസർമാരെ നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം :-
1. സർക്കാരിന്റെ 11/12/2024 തീയതിയിലെ സി.ഡി.എൽ-5/119/2024 പൊ.ഭ.വ നം. സർക്കുലർ
2. ഈ കാര്യാലയത്തിലെ 06/11/2023 തീയതിയിലെ LCO/2485/2023/E(1) നമ്പർ കത്ത്

---

**ഉത്തരവ് നമ്പർ LCO/3351/2024-ഇ(8) തീയതി: 26-12-2024**

---

RTI പോർട്ടലിന്റെ പുതിയ വേർഷനിലൂടെ ഓരോ വകുപ്പിന്റെയും സ്ഥാപനത്തിന്റെയും കീഴിലുള്ള റീജിയണൽ/ജില്ല/സബ് ഓഫീസുകളിലേയ്ക്ക് RTI പോർട്ടൽ വഴി വിവരാവകാശ അപേക്ഷകൾ നേരിട്ട് സമർപ്പിക്കുന്നതിനുള്ള സംവിധാനം ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിലേയ്ക്കായി വകുപ്പിന്റെ നോഡൽ ഓഫീസർക്ക് റീജിയണൽ/ജില്ല/സബ് ഓഫീസുകളിലേയ്ക്ക് പോർട്ടൽ വഴി അപേക്ഷകൾ അയയ്ക്കുന്നതിന് ഓർഗനൈസേഷൻ നോഡൽ ഓഫീസറെക്കൂടി നിയോഗിക്കുന്നതിനുള്ള സംവിധാനവും RTI പോർട്ടലിൽ നിലവിൽ വന്നിട്ടുണ്ട്

വകുപ്പിന്റെ RTI പോർട്ടൽ നോഡൽ ഓഫീസറായി ലേബർ കമ്മീഷണറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന് ചുമതല നൽകുകയും ആ വിവരം പരാമർശം ( 2 ) മുഖേന സർക്കാരിനെ അറിയിച്ചിട്ടുമുണ്ട്. പരാമർ ശം ( 1 ) സർക്കുലർ പ്രകാരം വകുപ്പിന് കീഴിലുള്ള റീജിയണൽ/ജില്ല/സബ് ഓഫീസുകളിലെ നോഡൽ ഓഫീസറെ നിയോഗിക്കേണ്ടത് വകുപ്പ്തല നോഡൽ ഓഫീസറുടെ ചുമതലയായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വകുപ്പിന് കീഴിലുള്ള സബ് ഓഫീസുകളിലെRTI പോർട്ടൽ ഓർഗനൈസേഷൻ നോഡൽ ഓഫീസർമാരെ ചുവടെപ്പറയും പ്രകാരം നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം | ഓഫീസിന്റെ പേര് | നോഡൽ ഓഫീസർ |
|---|---|---|
| 1. | റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ കാര്യാലയം, കൊല്ലം, എറണാകുളം, കോഴിക്കോട് | സീനിയർ സൂപ്രണ്ട് |
| 2. | ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്, കോട്ടയം | ജൂനിയർ സൂപ്രണ്ട് |
| 3. | | |

| | | |
|---|---|---|
| | ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ | സീനിയർ സൂപ്രണ്ട് (പാലക്കാട് ഡെപ്യൂട്ടി ലേബർ കമ്മീഷണർ ഓഫീസിൽ സൂപ്രണ്ടിന്റെ ചുമതല വഹിക്കുന്ന പാലക്കാട് ജില്ലാ ലേബർ ഓഫീസിലെ ജൂനിയർ സൂപ്രണ്ട്) |
| 4. | ജില്ലാ ലേബർ ഓഫീസ്, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് | ജനറൽ വിഭാഗം ജൂനിയർ സൂപ്രണ്ട് (പത്തനംതിട്ട, ഇടുക്കി, വയനാട് ജില്ലാ ലേബർ ഓഫീസുകളിൽ ജൂനിയർ സൂപ്രണ്ട്) |
| 5. | ഡെപ്യൂട്ടി ലേബർ ഓഫീസ്, പുനലൂർ, കൊച്ചി, പീരുമേട്, നെടുങ്കണ്ടം, മൂന്നാർ | ഡെപ്യൂട്ടി ലേബർ ഓഫീസർ |
| 6. | എല്ലാ പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകളിലും | പ്ലാന്റേഷൻ ഇൻസ്പെക്ടർ |
| 7. | എല്ലാ അസിസ്റ്റന്റ് ലേബർ ഓഫീസുകളിലും | അസിസ്റ്റന്റ് ലേബർ ഓഫീസർ - ഗ്രേഡ് II |

ഓരോ ഓഫീസുകളിലും നിയമിതരായിട്ടുള്ള ഓർഗനൈസേഷൻ നോഡൽ ഓഫീസർ മാർ RTI പോർട്ടൽ മുഖേന ലഭിക്കുന്ന അപേക്ഷകൾ സ്വീകരിച്ച് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് യഥാസമയം കൈമാറുകയും അപേക്ഷകന് നിശ്ചിത സമയപരിധിക്കുള്ളിൽ മറുപടി ലഭ്യമാക്കിയെന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

പരാമർശം (1) പ്രകാരമുള്ള സർക്കുലർ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

FATHIMA BEEVI.R.S

ADMINISTRATIVE ASSISTANT

**<u>പകർപ്പ് :-</u>**

1. എല്ലാ സബ് ഓഫീസുകൾക്കും (വെബ്സൈറ്റ് മുഖാന്തിരം)
2. ലേബർ കമ്മീഷണറുടെ പി.എ
3. അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ, ഇ, ഡബ്ല്യു)
4. ജോയിന്റ് ലേബർ കമ്മീഷണർ (പി)
5. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
6. ഡെപ്യൂട്ടി ലേബർ കമ്മീഷണർ (ആസ്ഥാനം)
7. ഫിനാൻസ് ഓഫീസർ
8. ജില്ലാ ലേബർ ഓഫീസർ(ആസ്ഥാനം)

9. പബ്ലിസിറ്റി ഓഫീസർ
10. റിസർച്ച് ഓഫീസർ
11. അസിസ്റ്റന്റ് ലേബർ ഓഫീസർ(ആസ്ഥാനം)
12. റിസർച്ച് അസിസ്റ്റന്റ്
13. പബ്ലിസിറ്റി അസിസ്റ്റന്റ്
14. സീനിയർ സൂപ്രണ്ട് (ഇ/ഇ.എൻ/ഐ.ആർ/എഫ്/കെ)
15. ജൂനിയർ സൂപ്രണ്ട് (ഇ/ ഐ.ആർ/അക്കൗണ്ട്സ്, ഡബ്ല്യൂ, പി)
16. ഇ(1) സീറ്റ് (സബ് ഓഫീസുകളിലെ ഓർഗനൈസേഷൻ നോഡൽ ഓഫീസർമാരെ പോർട്ടലിൽ ആഡ് ചെയ്യുന്നതിന്)
17. ഫയൽ/സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ,

ജൂനിയർ സൂപ്രണ്ട് (ഇ)